# ELENTHIKARA HIGH SCHOOL

# ACADEMIC MASTER PLAN 2025



# സ്കൂൾ വിവരങ്ങൾ

1. റവന്യൂ ജില്ല. : എറണാകുളം

2. സ്കൂൾ കോഡ്: 25033

3. സ്കൂളിൻ്റെ പേര് : ഇളന്തിക്കര ഹൈസ്കൂൾ

4 .മേൽവിലാസം : ഇളന്തിക്കര പി.ഒ, ഇളന്തിക്കര.

5. പിൻകോഡ്   : 683594

6. ഫോൺ നമ്പർ :9207212237

7. ഇ-മെയിൽ അഡ്രസ് :hselenthikara@yahoo.com

8. ഗ്രാമ പഞ്ചായത്ത് :പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത്

9. വിദ്യാഭ്യാസ ജില്ല : ആലുവ

10. സബ്ജില്ല :  N.പറവൂർ

11. ക്ലാസുകൾ : 5 മുതൽ 10 വരെ

12. മാനേജ്മെന്റ് : എയ്ഡഡ്

13. പഠനമാധ്യമം : മലയാളം, ഇംഗ്ലീഷ്

## <u>അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ, വികസന ലക്ഷ്യങ്ങൾ</u>

1. ഭാഷാശേഷി വികസനം

2. ഗണിതശേഷി വികസനം

3. ഇംഗ്ലീഷ് പഠനം അനയാസകരമാക്കൽ

4. വയനാശേഷി വർദ്ധിപ്പിക്കൽ

3. ശാസ്ത്രപോഷണ പരിപാടി

6. ലബോറട്ടറി നവീകരണം

7. പ്രതിഭാപോഷണ പരിപാടി

8. ലൈബ്രറി ശാക്തീകരണം

9. ജൈവ വൈവിധ്യ പാർക്ക് ഒരുക്കൽ

10. സ്കോളർഷിപ്പ് പരീക്ഷ പരിശിലനം

11. പഠന യാത്രകൾ

12. അധ്യാപക ശാക്തീകരണം,സ്കൂൾ  SRG തലം

13. പ്രവൃത്തി പരിചയ പരിശീലനം

14. കലാപരിപോഷണം

15. പച്ചക്കറിത്തോട്ടം

16.ഭാഷാ ലാബ്

17. കരാട്ടെ പരിശീലനം

18. ഫുട്ബോൾ പരിശീലനം

19. ദിനാചരണങ്ങൾ

20.ഗവേഷണാത്മക പഠനം

21. കായികശേഷി വികസനം

22. വിലയിരുത്തൽ കാര്യക്ഷമമാക്കൽ

23. IT പഠനം കാര്യക്ഷമമാക്കൽ

24. ശാസ്ത്ര, ഗണിത ശാസ്ത്ര, IT, SS പരിചയ മേളകൾ

25. ക്ലാസ് പി ടി എ കാര്യക്ഷമമാക്കൽ

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി 2025

സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ ഒരു പദ്ധതിയാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി. ഓരോ ക്ലാസിലും പ്രായത്തിനനുസരിച്ച് കുട്ടികൾ നേടേണ്ട ശേഷി ഉറപ്പു വരുത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഓരോ കുട്ടിക്കും പ്രായത്തിനും ക്ലാസിനും അനുയോജ്യമായ നിശ്ചിത ശേഷി കൾ ആർജ്ജിച്ചുവെന്ന് ഉറപ്പാക്കുന്നതിന് ജില്ലാതലത്തിലും സ്കൂൾ തലത്തിലും വിവിധ ഏജൻസികളും സഹകാരികളും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ മുന്നോട്ടു വെച്ചിട്ടുണ്ട്.

ജില്ലാതലം മുതൽ സ്കൂൾ തലം വരെയുള്ള സമിതിയിൽ വേണ്ട അംഗങ്ങളെ കുറിച്ചും പ്രവർത്തനപരിപാടികളെക്കുറിച്ചും മാർഗ്ഗരേഖയിൽ പറയുന്നു. ഈ പദ്ധതി മൂലം നടപ്പിൽ വരുത്തേണ്ട പുരോഗതികളെക്കുറിച്ചുള്ള വിലയിരുത്തലിലൂടെ പരിഹാര ബോധനവും നടപ്പിലാക്കി കൊണ്ട് വരും വർഷങ്ങളിലും ഇതേ പ്രവർത്തനങ്ങൾ തുടർന്നു പോകാൻ തീരുമാനിച്ചു.

# ACADEMIC MASTER PLAN

ഹൈസ്കൂൾ മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
| --- | --- | --- | --- | --- |
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7 വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10 ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്. | 2 മാസം (ആഗസ്റ്റ്. സെപ്തംബർ) | പുസ്തകങ്ങൾ ചിത്രങ്ങൾ | പി.ടി.എ. അധ്യാപകർ. |
| 2. കുട്ടിയെ മികച്ച വായനക്കാരാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ.<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല സന്ദർശനം<br>4 വായനോത്സവം സംഘടിപ്പിക്കൽ | 6 മാസം. | ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഇന്റർനെറ്റ് കമ്പ്യൂട്ടർ | പി.ടി.എ അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| | 5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം.<br>11 സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായനയും.<br>13. ആസ്വാദകരമായ വായന<br>14 ഇ-വായന | | | |
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3 വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ<br>ഫോട്ടോകൾ<br>പുസ്തകങ്ങൾ | പി.ടി.എ<br>അധ്യാപകർ |

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
| --- | --- | --- | --- | --- |
| | 7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രൊജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്രഗ്യാലറി. | | | |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | 1. പ്രസംഗ പരിശീലനക്കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക.<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6-മാസം ജൂലൈ-ഡിസംബർ | ഓഡിയോ വീഡിയോ | ടെയിനർ അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ [സംസ്കൃതം]

മേഖല - അക്കാദമികം

ഉപമേഖല - സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| * എല്ലാ കുട്ടികൾക്കും ഭാഷാ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>* അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>* കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിപ്പിക്കുക.<br>* ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക | * ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>* പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>* പതിപ്പുകൾ മാഗസിനുകൾ<br>* രചനാശില്പശാലകൾ<br>* സംസ്കൃതദിനാചരണം/ അസംബ്ലി<br>* ഒഴിവു സമയങ്ങളിൽ പ്രത്യേകം ക്ലാസ്<br>* വായനാമൂല, പദപ്പറ്റ് ചോദ്യോത്തരങ്ങൾ നിഘണ്ടുനിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc .... | |

| | | | | |
|---|---|---|---|---|
| * എല്ലാ കുട്ടികളും അർത്ഥം പൂർണമായി വായിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.<br>* സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ<br>* ഭാഷാശേഷി വികസിപ്പിക്കുന്നതിനായി സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തൽ | ദിനാചരണങ്ങൾ<br>പോസ്റ്റർ നിർമ്മാണം<br>കഥ - ഉപന്യാസം രചികൾ & അവതരണം<br>etc . . . . .<br>* വിവിധ സാഹിത്യരൂപങ്ങളെ പരിചയപ്പെടുത്തൽ, ജീവചരിത്രക്കുറിപ്പ് എന്നിവ ഉപയോഗിച്ച് പതിപ്പുകൾ തയ്യാറാക്കുക.<br>* വിവിധ കലാരൂപങ്ങളുടെ demonstration. | | | |

**ENGLISH**

| | | | | | |
|---|---|---|---|---|---|
| | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലാവധി | സാമ്പത്തികം |
| 1 | ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക. | പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ അധിക സമയം കണ്ടെത്തി വായിക്കാനും എഴുതാനും ലളിതമായ ഭാഷയിൽ ആശയവിനിമയം നടത്താനും പ്രാപ്തരാക്കുക. വായനാശീലം വർദ്ധിപ്പിക്കുന്നതിനായി കുട്ടികൾക്ക് വിവിധ ഇംഗ്ലീഷ് പുസ്തകങ്ങൾ ലഭ്യമാക്കുക | ഇംഗ്ലീഷ് അധ്യാപിക<br>" | എല്ലാ ദിവസവും | ടീച്ചേഴ്സ്. |
| 2. | നാടകാവതരണം | ഇംഗ്ലീഷ് അസംബ്ലി സ്കിറ്റ് ഇംഗ്ലീഷ് പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി സ്കിറ്റ്, പ്രസംഗം എന്നിവ അവതരിപ്പിക്കുന്നു. | പിടിഎ, ക്ലാസ്. ആൻഡ് ടീച്ചേഴ്സ്. | ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ. | പി ടി എ. |
| 3 | കവിതാലാപനത്തിനും കവിതാരചനയ്ക്കും പ്രാപ്തരാക്കുന്നു. | കവിതാരചന ആലാപന മത്സരങ്ങൾ നടത്തുന്നു. ബുക്ക് റിവ്യൂ | ക്ലബ് പ്രവർത്തനങ്ങൾ | വർഷത്തിൽ ഒരു തവണ. | ഇംഗ്ലീഷ് ക്ലബ്. |
| 4 | സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുക. | ഇംഗ്ലീഷ് അധ്യാപകർ | വർഷത്തിൽ ഒരു തവണ. | എസ് ആർ ജി ഇംഗ്ലീഷ് ക്ലബ് |

# അക്കാദമിക മാസ്റ്റർപ്ലാൻ – ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദിഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാസ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.

ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

8th std

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 1) അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | 1) അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ഹ്രസ്വം ജൂൺ- ജൂലൈ |
| 2) ആഴ്ചയുടെ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | 2) ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനതിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. | മധ്യകാലം ഓഗസ്റ്റ്- സെപ്റ്റംബർ |
| 3) ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. | 2) കേട്ടെഴുത്ത്, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ, തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ- ജനുവരി. മാർച്ച്. |

ക്ലാസ്സ് 9th std.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം. |
|---|---|---|
| 1) ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | 1) വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങടങ്ങിയ പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു. | പ്രാരംഭം. ജൂൺ-ജൂലൈ |
| 2) നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യ ഘടന പരിചയപ്പെടുത്തുന്നു. | 2) ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. | മധ്യകാലം ആഗസ്റ്റ്- സെപ്റ്റംബർ |
| 3) പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദന കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | 3) പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. | ദീർഘകാലം ഡിസംബർ - നവംബർ ജനുവരി മാർച്ച് |

10th std

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 1) കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക. എന്നി ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | 1) നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | പ്രാരംഭം ജൂൺ- ജൂലൈ |
| 2) സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. | 2) പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യകാലം ഓഗസ്റ്റ്- സെപ്റ്റംബർ, ഒക്ടോബർ |
| 3) ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു. ഡയറി എഴുതുവാനറിയുന്നു | 3) പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. | ദീർഘകാലം നവംബർ മാർച്ച് |

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 · സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| * സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതലത്തിലുള്ള അറിവുകൾ, ആശയങ്ങൾ നേടുക. | * പാഠഭാഗവുമായി ബന്ധപ്പെട്ട് അടിസ്ഥാനതല അറിവ് ഉറപ്പിക്കുന്നതിന് പ്രവർത്തനങ്ങൾ നൽകുന്നു. | അക്കാദമിക വർഷാരംഭം [ജൂൺ] | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ്. |
| * അന്താരാഷ്ട്ര ദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള, നദികൾ, കൃഷി, സ്ഥലങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാനവിവരങ്ങൾ ആസ്പദമാക്കി ICT സഹായം ഉപയോഗിച്ച് memory test നടത്തുന്നു. | * ഭൂപടങ്ങളെ പരിചയപ്പെടുത്തുന്ന ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ICT സഹായം ഉപയോഗപ്പെടുത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ, ജൂലൈ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ്. |
| * ജനാധിപത്യ ഉറവായ ജീവിത സമീപനം രൂപപ്പെടുത്തുന്നു. | * ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതൃക പരിശീലനം നൽകി ജനാധിപത്യത്തിന്റെ അടിസ്ഥാനം മനസ്സിലാക്കുന്നു. | • അക്കാദമിക വർഷം [ആഗസ്റ്റ്, സെപ്റ്റംബർ] | • സാമൂഹ്യശാസ്ത്ര അധ്യാപകർ. | പിടിഎ |
| * സഹജീവികളോട് സഹാനുഭൂതി വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | * പ്രകൃതിദുരന്തങ്ങൾ നടന്ന സ്ഥലങ്ങൾ, വ്യക്തികൾ ഇവ സന്ദർശിച്ച് സഹായിക്കാൻ കഴിയുന്നവ ചെയ്യുന്നു. | അക്കാദമിക വർഷം [ഒക്ടോബർ നവംബർ] | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ്. |
| * പ്രകൃതി വിഭവ സംരക്ഷണ മനോഭാവം രൂപപ്പെടുത്തുന്നു. | * കാവുകൾ, തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, ജലാശയങ്ങൾ, കാടുകൾ ഇവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം (ഡിസംബർ ജനുവരി) | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ |

## അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26, സയൻസ് HS വിഭാഗം

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| അന്വേഷണങ്ങളിലൂടെ:- കൗതുകം, ജിജ്ഞാസ നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കാനാവശ്യമായ വിവരങ്ങൾ പറഞ്ഞു കൊടുത്ത് കുട്ടികളെ കൊണ്ട് നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം | അക്കാദമിക വർഷം | " | |
| | ക്ലാസുകളിൽ പ്രോജക്ട് കൊടുത്ത് ചെയ്യിപ്പിച്ച് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | " | |
| ശാസ്ത്ര ലോകത്തേക്ക്!:- നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യുന്ന ഉന്നതശേഷി നേടുകയും ചെയ്യുന്നു | ക്ലാസുകളിൽ സെമിനാർ അവതരിപ്പിച്ച് ചെയ്യിപ്പിച്ച് പൊതുവേദികളിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ് |
| | വർഷത്തിൽ ഒരിക്കൽ കുട്ടികൾ ഉണ്ടാക്കിയ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു ശാസ്ത്രമേളകളിൽ | അക്കാദമിക വർഷം | " | സയൻസ് ക്ലബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | സംവദിക്കാൻ അവസരം നല്കുന്നു. | | | |
| ഹൈടെക് വേൾഡ്:- മാനവികതയിൽ ഊന്നിയ ശാസ്ത്രബോധം വളർത്തുക | ജ്ഞാനികളിൽ ശാസ്ത്രലൈബ്രറി, ശാസ്ത്ര മാസിക ഇവയുടെ പ്രസിദ്ധീകരണം | അക്കാദമികവർഷം | | പിടിഎ |
| ആയുർവേദ:- പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തുക | തനത് വൃക്ഷങ്ങൾ നട്ട് പരിപാലിക്കൽ, ഔഷധ വാടി, ഉദ്യാനത്തിൽ ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം നിർമ്മിക്കൽ | അക്കാദമികവർഷം | സയൻസ് അധ്യാപകർ | പിടിഎ |
| | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമികവർഷം | അധ്യാപകർ സയൻസ് ക്ലബ്ബ് | പിടിഎ |
| വൈജ്ഞാനിക ബഹിർസ്ഫുരണം:- അന്വേഷണത്വര വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലും പരിചയപ്പെടുന്നു | അക്കാദമികവർഷം | സയൻസ് ക്ലബ്ബ് | |
| | ക്വിസ്, സെമിനാർ, പ്രോജക്ട് തലമേളയിൽ പങ്കെടുപ്പിക്കാൻ അവസരം | അക്കാദമികവർഷം | സയൻസ് ക്ലബ്ബ് | |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമികവർഷം | " | പിടിഎ |

## ഗണിതശാസ്ത്രം

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| June | • കുട്ടികളുടെ നിലവിലെ ഗണിതഅറിവ് പരിശോധിക്കൽ, ചതുഷ്ക്രിയകൾ ഉറപ്പിക്കൽ<br>• പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പ്രകൃതിയിലെ ഗണിതം<br>• വായനദിനത്തോടനുബന്ധിച്ച് ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ<br>• പാസ്കലിന്റെ ജന്മദിനത്തോടനുബന്ധിച്ച് കുറിപ്പുകൾ തയ്യാറാക്കൽ |
| July | • ഗണിതമേളയ്ക്കുള്ള മത്സരയിനങ്ങൾ പരിചയപ്പെടുത്തി മുന്നൊരുക്കം ആരംഭിക്കുന്നു.<br>• Pi approximation day കുറിപ്പുകൾ തയ്യാറാക്കൽ<br>• ഗണിതപഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള ക്ലാസ്. |
| August | • ക്ലാസ്, സ്കൂൾ തല ക്വിസ് മത്സരം<br>• സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചുള്ള ഫ്ലാഗ് നിർമ്മാണം (അംശബന്ധം)<br>• ഗണിതമാഗസിനുള്ള മുന്നൊരുക്കം. |
| September | • ജ്യാമിതീയ പൂക്കള മത്സരം<br>• സ്കൂൾതല ഗണിതശാസ്ത്രമേള |
| October | • സ്കൂൾ തല ടാലന്റ് സെർച്ച് എക്സാം |
| November | • ശകുന്തളാദേവി ജന്മദിനത്തോടനുബന്ധിച്ച് കുറിപ്പ് തയ്യാറാക്കി അവതരണം.<br>• fibonacci day ബന്ധപ്പെട്ട് സെമിനാർ |
| December | • രാമാനുജൻ സംഭാവനകൾ കുറിപ്പ്, ക്വിസ് |
| January | • ഗണിത പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായുള്ള ക്ലാസുകൾ. |